**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 359** **23-07-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് മെട്രിക് ഹോസ്റ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മഞ്ചേരി കവളങ്ങാട് സ്റ്റേറ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തിയായെങ്കിലും നാളിതുവരെയും പട്ടികജാതി, പട്ടികവർഗ്ഗക്കാരായ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം അനുവദിക്കാതെ അടച്ചിട്ടിരിക്കുന്നതിനാൽ ഹോസ്റ്റൽ പ്രവർത്തനമാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ 1987-88 കാലഘട്ടത്തിൽ മഞ്ചേരി എൻ.എസ്.എസ് കോളേജ്, മലപ്പുറം ഗവൺമെന്റ് കോളേജ് എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ താമസ സൗകര്യം ഉദ്ദേശിച്ച് മഞ്ചേരി മണ്ഡലത്തിലെ കവളങ്ങാട് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണി കഴിപ്പിച്ചിരുന്നുവെങ്കിലും വിദ്യാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് പ്രസ്തുത കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളായി 10 വർഷത്തോളം ഉപയോഗിച്ചിരുന്നുവെങ്കിലും പിന്നീട് പട്ടികവർഗ്ഗ വികസന വകുപ്പിന് മോഡൽ റസിഡൻഷ്യൽ സ്കൂളിനായി പുതിയ കെട്ടിടം പണി കഴിപ്പിച്ച സാഹചര്യത്തിൽ ഹോസ്റ്റൽ കെട്ടിടം ഒഴിയുകയുണ്ടായി. നിലവിൽ ടി കെട്ടിടം ഒരു സർക്കാർ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ തക്കവിധത്തിൽ ഉപയോഗ യോഗ്യമല്ലാത്ത അവസ്ഥയിലാണ്. നവീകരിച്ച് പുനരുപയോഗ പ്രദമാക്കാനാകാത്ത വിധം കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചിട്ടുണ്ട്. കെട്ടിടം നവികരിച്ച് പോസ്റ്റ് മെട്രിക് ഹോസ്റ്റലായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടും ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ